# കേരള സർവകലാശാല

നം. പി.ആർ.037/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ : അപേക്ഷ ഫെബ്രുവരി 25 വരെ

കേരള സർവകലാശാല 2016-17 അക്കാദമിക വർഷത്തിലേയ്ക്ക് 14 പോസ്റ്റ് ഗ്രാജുവേറ്റ് വാർഷിക കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ വഴി അപേക്ഷ ക്ഷണിച്ചു. ഓഫ്ലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ഫോം സർവകലാശാല ഓഫീസിൽ നിന്ന് നേരിട്ടോ www.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തോ എടുക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്ത അപേക്ഷ സമർപ്പിക്കുന്നതിന് 100 രൂപ അധികം അടയ്ക്കേണ്ടതാണ്.

കേരള സർവകലാശാലയിൽ നിന്ന് ബിരുദം നേടിയവർ, അപേക്ഷയോടൊപ്പം രജിസ്ട്രേഷൻ ഫീസ്, അഫിലിയേഷൻ ഫീസ്, എസ്.എസ്.എൽ.സി-യുടെയും പ്ലസ് ടു സർട്ടിഫിക്കറ്റിന്റെയും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റും ഒറിജിനൽ ടി.സി-യും 42 രൂപ സ്റ്റാമ്പ് ഒട്ടിച്ച സ്വന്തം മേൽവിലാസമെഴുതിയ കവറും സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ III, എക്സാമിനേഷൻസ്, യൂണിവേഴ്സിറ്റി ഓഫീസ്, പാളയം, തിരുവനന്തപുരം എന്ന വിലാസത്തിലോ നേരിട്ട് സർവകലാശാല ഓഫീസിലോ സമർപ്പിക്കാം.

മറ്റ് സർവകലാശാലയിൽ നിന്ന് ബിരുദം നേടിയവർ, മേൽപ്പറഞ്ഞ രേഖകളോടൊപ്പം റെക്കഗ്നിഷൻ, മെട്രിക്കുലേഷൻ ഫോമുകളും അനുബന്ധ ഫീസും മൈഗ്രേഷൻ സർട്ടിഫിക്കറ്റും എലിജിബിലിറ്റി സർട്ടിഫിക്കറ്റും കൂടി സമർപ്പിക്കേണ്ടതാണ്. കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് ബിരുദം നേടിയവർ റെക്കഗ്നിഷൻ ഫോമും ഫീസും സമർപ്പിക്കേണ്ടതില്ല. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 25 (500 രൂപ പിഴയോടെ ഫെബ്രുവരി 28 വരെ). നോട്ടിഫിക്കേഷൻ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

*(കേരളത്തിലെ എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

### എൽ.എൽ.ബി ഇന്റേർണൽ മാർക്ക് : പരാതികൾ 17-നകം സമർപ്പിക്കണം

കേരള ലോ ആക്കാദമി ലോ കോളേജിൽ എൽ.എൽ.ബി പരീക്ഷകൾക്ക് ഇന്റേർണൽ മാർക്ക് നൽകിയതിലെ പരാതിയിൻമേൽ അന്വേഷണത്തിനായി രൂപീകരിച്ച സർവകലാശാല ഉപസമിതി പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലെ ഏഴ്, എട്ട്, ഒമ്പത്, പത്ത് സെമസ്റ്ററുകളിലെ നാലാം പേപ്പറിന്റെയും ത്രിവത്സര എൽ.എൽ.ബി കോഴ്സിലെ മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്ററിലെ അഞ്ചാം പേപ്പറിന്റെയും മാർക്കുകൾ പരിശോധിക്കുകയുണ്ടായി. മേൽപറഞ്ഞ പേപ്പറുകൾക്ക് നൽകിയ ഇന്റേർണൽ മാർക്കിൻമേൽ എന്തെങ്കിലും പരാതിയുള്ളവർ പരാതികൾ ഫെബ്രുവരി 17 വൈകുന്നേരം അഞ്ച് മണിയ്ക്കകം സർവകലാശാല പരീക്ഷ കൺട്രോളറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഈ പരാതികളിൻമേലുള്ള തെളിവെടുപ്പ് ഫെബ്രുവരി 20 രാവിലെ 11 മണിയ്ക്ക് പാളയം കാമ്പസിലെ ഫാക്കൽറ്റി ഗസ്റ്റ് ഹൗസിലെ ഡീൻസ് റൂമിൽ നടത്തും.

## ബി.എസ്സി ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ സി.ബി.സി.എസ് നാലാം സെമസ്റ്റർ ബി.എസ്സി (2013 & 2014 അഡ്മിഷൻ) പരീക്ഷഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാർച്ച് ഏഴ് വരെ അപേക്ഷിക്കാം.

## എം.എ. മലയാളം ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ജൂലായ്/ ആഗസ്റ്റ്/ സെപ്റ്റംബറിൽ നടത്തിയ എം.എ മലയാളം (പ്രീവിയസ് & ഫൈനൽ) പരീക്ഷഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷ കൊല്ലം യു.ഐ.ടി, പാളയം എസ്.ഡി.ഇ എന്നീ കേന്ദ്രങ്ങളിൽ ഫെബ്രുവരി 20-നും രണ്ടാം സെമസ്റ്റർ പരീക്ഷ ആലപ്പുഴ യു.ഐ.ടി, കൊല്ലം യു.ഐ.ടി, പാളയം എസ്.ഡി.ഇ എന്നീ കേന്ദ്രങ്ങളിൽ മാർച്ച് ആറിനും ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പരീക്ഷയ്ക്ക് ഓഫ്ലൈനായി അപേക്ഷിച്ചിട്ടുള്ളവരുടെ ഹാൾടിക്കറ്റ് അതത് കേന്ദ്രങ്ങളിൽ ലഭിക്കും.

## ബി.എച്ച്.എം ഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി (2011 സ്കീം റഗുലർ & സപ്ലിമെന്ററി, 2006 സ്കീം സപ്ലിമെന്ററി) പരീക്ഷ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ത്രിദിന സെമിനാർ ഉദ്ഘാടനം ചെയ്തു

കേരള സർവകലാശാല കാര്യവട്ടം തമിഴ് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ത്രിദിന സെമിനാർ പ്രോ-വൈസ് ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സിൻഡിക്കേറ്റംഗങ്ങളായ ശ്രീ. കെ.എസ്. ഗോപകുമാർ, അഡ്വ. ഡോ. കെ. മാണിക്കരാജ്, അഡ്വ. എ.എ. റഹിം എന്നിവർ പങ്കെടുത്തു.
(ഫോട്ടോ ഇമെയിൽ ചെയ്തിട്ടുണ്ട്)



## <u>മാർക്ക്‌ലിസ്റ്റ് കൈപ്പറ്റണം</u>

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിലെ രണ്ടാം വർഷ ബി.എ പരീക്ഷ തിരുവനന്തപുരം ആർട്സ് കോളേജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, ആറ്റിങ്ങൽ ഗവ. കോളേജ്, നെടുമങ്ങാട് ഗവ. കോളേജ് എന്നീ പരീക്ഷ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതിയവർ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ ഓഫീസിൽ നിന്നും മാർക്ക്‌ലിസ്റ്റുകൾ ഫെബ്രുവരി 17, 18, 20 തിയതികളിൽ കൈപ്പറ്റണം.

## <u>ബി.എച്ച്.എം പ്രാക്ടിക്കൽ</u>

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 22-ന് അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## <u>ബി.എസ്സി പ്രാക്ടിക്കൽ</u>

കേരള സർവകലാശാല നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.എസ്സി കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (2013 സ്കീം) പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 21-ന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

ആറാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി റീസ്ട്രക്ചേർഡ് പരീക്ഷകൾ ഫെബ്രുവരി 21-ന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
16.02.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** <u>ku.release@gmail.com</u> **website:** <u>www.keralauniversity.ac.in</u>

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**